# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*326 11.11.2019 -ൽ മറുപടിക്ക്

**അമൂല്യങ്ങളായ ചരിത്രരേഖകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

**ചോദ്യം**

ശ്രീ.എം. മുകേഷ്
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ. ഒ. ആർ. കേളു
ശ്രീ.ഡി.കെ. മുരളി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അമൂല്യങ്ങളായ ചരിത്രരേഖകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ; | (എ) | പുരാരേഖാവകുപ്പിന്റെ ഡയറക്ടറേറ്റിലും മൂന്ന് മേഖലാ ഓഫീസിലും സജ്ജമാക്കിയിട്ടുള്ള കൺസർവേഷൻ ലാബുകളുടെ സഹായത്തോടെ വകുപ്പിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന കൺസർവേഷൻ വിംഗ് സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്നും ഏറ്റെടുക്കുന്ന പുരാരേഖകൾ സമയബന്ധിതമായി കൺസർവ് ചെയ്ത് സൂക്ഷിച്ചു വരുന്നു. കൂടാതെ വകുപ്പുതലത്തിൽ പ്രോജക്ട് തയ്യാറാക്കി പദ്ധതി പ്രവർത്തനങ്ങളിലൂടെയും രേഖകൾ സംരക്ഷിച്ചു വരുന്നു. • കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയിലൂടെ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകൾ വകുപ്പിലെ വിദഗ്ദ്ധരെ ഉപയോഗിച്ച് കൺസർവേഷൻ നടത്തി നൽകുന്നു. |
| (ബി) | താളിയോലകൾ, മുളക്കരണങ്ങൾ, ചെപ്പേട്ടുകൾ തുടങ്ങിയവ ശാസ്ത്രീയമായി പരിചരിച്ച് സംരക്ഷിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | താളിയോലകൾ, മുളക്കരണങ്ങൾ, ചെപ്പേട്ടുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനായി ഫ്യൂമിഗേഷൻ, ഡസ്റ്റിംഗ്, ഓയിലിംഗ്, Strengthening (Mending) എന്നിങ്ങനെയുള്ള ശാസ്ത്രീയ രീതികളാണ് അവലംബിച്ചു വരുന്നത്. കൂടാതെ പ്രാണികൾ, കീടങ്ങൾ എന്നിവ മുഖാന്തിരം നാശങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി Preventive Conservation methods ഉം സ്വീകരിച്ചു വരുന്നു. |
| (സി) | അപൂർവ്വ രേഖകളുടെ ഡിജിറ്റൈസേഷൻ നടത്തുന്നതിനും രേഖകളുടെ റഫറൻസ് മീഡിയ തയ്യാറാക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (സി) | വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള അപൂർവ്വ രേഖകൾ സി-ഡിറ്റ് മുഖേന ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം 1,00,47,700/- രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പുരാരേഖകളുടെ റഫറൻസ് മീഡിയ തയ്യാറാക്കുന്നതിന് പദ്ധതി രൂപീകരിച്ച് റഫറൻസ് മീഡിയ തയ്യാറാക്കി വരുന്നു. |
| (ഡി) | പുരാരേഖ വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള ഡിജിറ്റൽ ചരിത്ര രേഖാ ഭൂപടം തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | കേരളത്തിലുടനീളമുള്ള ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ/സ്ഥലങ്ങൾ തെരഞ്ഞെടുത്ത് അവയുമായി ബന്ധപ്പെട്ട ചരിത്ര രേഖകൾ കോർത്തിണക്കിക്കൊണ്ട് കേരള ഡിജിറ്റൽ ചരിത്രരേഖാ ഭൂപടം തയ്യാറാക്കുന്നതിന് പുരാരേഖാ വകുപ്പിന് 2017-18 സാമ്പത്തിക വർഷം 62.54 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുണ്ട്. M/s Invis Multimedia, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേന നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുത്ത 100 റിക്കാർഡുകളെക്കുറിച്ചുള്ള വിവരശേഖരണവും ഇവയിൽ ഓരോന്നിനും നൂറു വാക്കുകളുള്ള വിവരണവും പൂർത്തിയായിട്ടുണ്ട്. കൂടാതെ പ്രസ്തുത റിക്കാർഡുകളുമായി ബന്ധപ്പെട്ട സ്ഥലങ്ങളുടെ അക്ഷാംശ-രേഖാംശങ്ങളടങ്ങിയ ചിത്രങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**